REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 15-12-2024 സമയം 06.45 AM

## പ്രധാന വാർത്തകൾ

- **ഏകീകൃത സിവിൽ കോഡ് നടപ്പാക്കാൻ കേന്ദ്രം പ്രതിജ്ഞാബദ്ധമാണെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി**
- **സംസ്ഥാന ചീഫ് സെക്രട്ടറിമാരുടെ നാലാമത് ദേശീയ സമ്മേളനത്തെ പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് ഡൽഹിയിൽ അഭിസംബോധന ചെയ്യും.**
- **ഒറ്റപ്പെട്ട സംഭവങ്ങളുടെ പേരിൽ സഹകരണ മേഖലയെ തകർക്കാനാണ് ശ്രമങ്ങൾ നടക്കുന്നതെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.**
- **പത്തനംതിട്ട കൂടൽ മുറിഞ്ഞകല്ലിൽ പുലർച്ചെ വാഹനാപകടത്തിൽ നാലു പേർ മരിച്ചു.**
- **ബോർഡർ ഗാവസക്ര് ക്രിക്കറ്റ് ടെസ്റ്റിൽ ഓസ്ട്രേലിയ ഇന്ന് ആദ്യ ഇന്നിംഗ്സ് പുനരാരംഭിക്കും.**

## വാർത്തകൾ വിശദമായി

ഏകീകൃത സിവിൽ കോഡ് നടപ്പാക്കാൻ കേന്ദ്രം പ്രതിബജ്ഞാദ്ധമാണെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി പറഞ്ഞു. ഭരണഘടനാ ശില്പികളുടെ കാഴ്ചപ്പാടിന്റെ പ്രതിഫലനമാണ് ഏകീകൃത സിവിൽകോഡെന്നും അദ്ദേഹം ലോക്സഭയിൽ വ്യക്തമാക്കി. ഇന്ത്യൻ ഭരണഘടനയുടെ 75 വർഷത്തെ ജൈത്ര യാത്രയെ പറ്റി നടത്തിയ പ്രത്യേക ചർച്ചയ്ക്ക് മറുപടി പറയുകയായിരുന്നു പ്രധാനമന്ത്രി. മതേതര-ഏകീകൃത വ്യക്തിനിയമം നടപ്പാക്കാനാണ് NDA ഗവൺമെന്റ് ലക്ഷ്യമിടുന്നതെന്നും നരേന്ദ്രമോദി പറഞ്ഞു.

മതത്തിന്റെ അടിസ്ഥാനത്തിൽ സംവരണം എന്ന ഹീനമായ രൂപമാതൃക കൊണ്ടുവന്നത് കോൺഗ്രസ്സാണെന്ന് പ്രധാനമന്ത്രി കുറ്റപ്പെടുത്തി. ഭരണഘടനയ്ക്ക് രൂപം നൽകിയവർ മതാധിഷ്ഠിത സംവരണത്തെ ശക്തമ എതിർത്തിരുന്നു. എന്നാൽ വോട്ട് ബാങ്ക് രാഷ്ട്രീയം മുന്നിൽ കണ്ട് കോൺഗ്രസ് ഉറച്ച നിലപാടോടെ അത് നടപ്പിൽ വരുത്തുകയായിരുന്നു. മതത്തിന്റെ അടിസ്ഥാനത്തിൽ സംവരണം ഏർപ്പെടുത്തുന്നത് ഭരണഘടനയുടെ തത്വങ്ങൾക്ക് വിരുദ്ധമാണന്നും നരേന്ദ്രമോദി വിലയിരുത്തി.

ന്യൂസ് ഡെസ്കിൽ കൂടുതൽ വിവരങ്ങൾ....

..........വോയ്സ്........

സ്ത്രീ ശാക്തീകരണത്തിനും, വനിതകൾ നയിക്കുന്ന വികസനത്തിനും ഉൾപ്പെടെ ഗവൺമെന്റ് കൊണ്ടുവന്ന നിയമ ഭേദഗതികളും നിയമ നിർമ്മാണങ്ങളും രാജ്യത്തിന്റെ ഐക്യം കൂടുതൽ ശക്തിപ്പെടുത്തുക എന്ന ലക്ഷ്യത്തോടെയാണെന്ന് പ്രധാനമന്ത്രി പറഞ്ഞു. ജമ്മു കശ്മീരിൽ ഭരണഘടനയുടെ 370-ാം അനുച്ഛേദം റദ്ദാക്കിയതും ഐക്യത്തെ കൂടുതൽ ദൃഢമാക്കി.

അയൽ രാജ്യങ്ങളിലെ  ന്യൂനപക്ഷങ്ങൾക്ക് പൗരത്വഭേദഗതി നിയമത്തിലൂടെ ഇന്ത്യൻ പൗരത്വം നൽകുന്നതും, ആനുകൂല്യങ്ങൾ അക്കൗണ്ടുകളിലേക്ക് നേരിട്ട് നൽകുന്ന സംവിധാനത്തിലൂടെ  ബാങ്കിംഗ് മേഖലയിലേക്ക്  50 കോടിയോളം ആളുകളെ എത്തിക്കാനായതും ഗവൺമെന്റിന്റെ നേട്ടങ്ങളായി പ്രധാനമന്ത്രി എടുത്തു പറഞ്ഞു.  ഉജ്വൽ യോജനയിലൂടെ സ്ത്രീകൾക്ക് പുകയിൽ നിന്ന് പൊടിയിൽ നിന്നും മോചനം നൽകാനായി. 25 കോടിയിൽപരം പാവപ്പെട്ടവരെ ദാരിദ്ര്യത്തിൽ നിന്ന് മോചിപ്പിക്കാൻ കേന്ദ്രഗവൺമെന്റിന് കഴിഞ്ഞെന്നും പ്രധാനമന്ത്രി പറഞ്ഞു.

✪✪✪

ലോക്സഭയിലെ പ്രധാനമന്ത്രിയുടെ പ്രസംഗം കോൺഗ്രസും പ്രതിപക്ഷ പാർട്ടികളും ഭരണഘടനയെപ്പറ്റി സൃഷ്ടിച്ച ആശയകുഴപ്പങ്ങൾ പരിഹരിച്ചതായി BJP അധ്യക്ഷൻ JP നദ്ദ പറഞ്ഞു.  ഭരണഘടനാശില്പി ഡോ. അംബേദ്കറുടെ ആദർശങ്ങൾ ഉൾക്കൊണ്ട് ഭരണഘടനയെ ശരിയായി സംരക്ഷിക്കുന്നത് BJP ആണെന്ന് അദ്ദേഹം വ്യക്തമാക്കി. കഴിഞ്ഞ പത്തു വർഷങ്ങളിലെ നരേന്ദ്രമോദിയുടെ നേതൃത്വം സമൂഹത്തിലെ എല്ലാ വിഭഗങ്ങളുടെയും ഉന്നമനവും രാജ്യത്തിന്റെ സമഗ്ര വികസനവുമാണെന്ന് നദ്ദ X-പോസ്റ്റിൽ കുറിച്ചു.

✪✪✪

സംസ്ഥാന ചീഫ് സെക്രട്ടറിമാരുടെ നാലാമത് ദേശീയ സമ്മേളനത്തെ പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് ഡൽഹിയിൽ അഭിസംബോധന ചെയ്യും. വെള്ളിയാഴ്ച ആരംഭിച്ച മൂന്ന് ദിവസത്തെ സമ്മേളനത്തിൽ പ്രധാനമന്ത്രിയായിരുന്നു അധ്യക്ഷൻ. കേന്ദ്രത്തിനും സംസ്ഥാനങ്ങൾക്കുമിടയിൽ പൊതു വികസന കാര്യപരിപാടി രൂപപ്പെടുത്താനും നടപ്പാക്കാനും ലക്ഷ്യമിട്ടാണ് സമ്മേളനം ആരംഭിച്ചത്.

ഡെസ്ക് റിപ്പോർട്ട്...

.......വോയ്സ്..........

കേന്ദ്ര - സംസ്ഥാന ബന്ധങ്ങളിൽ സഹകരണ ഫെഡറലിസത്തിന്റെ അടിസ്ഥാനത്തിൽ മികച്ച ഏകോപനം സാധ്യമാക്കി വളർച്ചയുടെയും വികസനത്തിന്റേയും ആക്കം കൂട്ടുകയെന്ന ലക്ഷ്യത്തോടെയാണ് സമ്മേളനം. സംസ്ഥാനങ്ങളിലേയും കേന്ദ്ര ഭരണപ്രദേശങ്ങളിലേയും ചീഫ് സെക്രട്ടറിമാർക്ക് പുറമെ മുതിർന്ന ഉദ്യോഗസ്ഥരും സമ്മേളനത്തിൽ പങ്കെടുക്കുന്നുണ്ട്.

സംരംഭകത്വം, തൊഴിൽ, നൈപുണ്യ പ്രോത്സാഹനം എന്നിവ വഴി ജനസംഖ്യാപരമായ ശേഷി ഉയർത്തൽ എന്ന ആശയത്തിലാണ് ഇത്തവണത്തെ സമ്മേളനം. നിർമ്മാണം, സേവനം, ഗ്രാമീണ കാർഷികേതരവൃത്തികൾ, നഗരങ്ങൾ, പുനരുപയോഗ ഊർജ്ജം, ചാക്രിക സമ്പദ് വ്യവസ്ഥ തുടങ്ങിയ ആറ് മേഖലകൾക്ക് സമ്മേളനം കൂടുതൽ ഊന്നൽ നൽകുന്നുണ്ട്.

✪✪✪

ഒറ്റപ്പെട്ട സംഭവങ്ങളുടെ പേരിൽ സഹകരണ മേഖലയെ തകർക്കാനാണ് സംസ്ഥാനത്ത് ശ്രമങ്ങൾ നടക്കുന്നതെന്നും ഈ മേഖലയിൽ നിക്ഷേപിക്കുന്ന പണം സുരക്ഷിതമായിരിക്കുമെന്നും മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു.

എറണാകുളം ജില്ലയിലെ മുപ്പത്തടം സർവീസ് സഹകരണ ബാങ്കിന്റെ പുതിയ മന്ദിരം ഉദ്ഘാടനം ചെയ്യുകയായിരുന്നു മുഖ്യമന്ത്രി.

സഹകരണ മേഖലയിലെ രണ്ടര ലക്ഷം കോടിയോളം രൂപ വാണിജ്യ ബാങ്കുകളുടെ കൈകളിലെത്തിയാൽ അവ കോർപ്പറേറ്റുകൾക്ക് യഥേഷ്ടം നൽകാനാകുമെന്ന ചിലരുടെ നിലപാട് കൂടിയാണ് സഹകരണ സ്ഥാപനങ്ങൾക്കെതിരായ പ്രചാരണത്തിനു പിന്നിലെന്ന് പിണറായി വിജയൻ പറഞ്ഞു.

✪✪✪

എറണാകുളം മാർക്കറ്റ് സമുച്ചയം കൊച്ചിയുടെ വാണിജ്യ രംഗത്ത് പുത്തൻ ചുവടുവയ്പ്പാകുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു.

എറണാകുളം മാർക്കറ്റ് ഉദ്ഘാടനവും മൾട്ടിലെവൽ കാർ പാർക്കിംഗ് സംവിധാനത്തിന്റെ നിർമ്മാണവും ഉദ്ഘാടനം ചെയ്യുകയായിരുന്നു മുഖ്യമന്ത്രി.

✪✪✪

ഗവൺമെന്റ് നടപ്പാക്കുന്ന വികസന പ്രവർത്തനങ്ങളിൽ ജനങ്ങൾ പങ്കു ചേരണമെന്ന് സ്പീക്കർ AN. ഷംസീർ ആവശ്യപ്പെട്ടു. പാനൂർ നഗരസഭയിലെ മേക്കുന്ന് കുടുംബാരോഗ്യ കേന്ദ്രത്തിന്റെ പുതിയ കെട്ടിടം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

ഗവ. ആശുപത്രികളിലെ കാതലായ മാറ്റങ്ങൾ ജനങ്ങളെ കൂടുതലായി ഇത്തരം ആശുപത്രികളെ സമീപിക്കുന്നതിന് പ്രോത്സാഹനമായെന്ന് സ്പീക്കർ പറഞ്ഞു.

✪✪✪

പ്രാദേശിക സാമ്പത്തിക വികസനത്തിന്റെ ചാലക ശക്തിയായി ബ്ലോക്ക് പഞ്ചായത്തുകൾ മാറണമെന്ന് മന്ത്രി എം.ബി. രാജേഷ് ആവശ്യപ്പെട്ടു.

കൊച്ചിയിൽ വൈപ്പിൻ ബ്ലോക്ക് പഞ്ചായത്ത് ഓഫീസ് കെട്ടിടം ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

✪✪✪

പത്തനംതിട്ട കൂടൽ മുറിഞ്ഞകല്ലിൽ പുലർച്ചെ ശബരിമല തീർത്ഥാടകരുടെ ബസും, വിമാനത്താവളത്തിൽ നിന്ന് മടങ്ങിയ കാറും കൂട്ടിയിടിച്ച് നാലു പേർ മരിച്ചു.

കാറിലുണ്ടായിരുന്ന കോന്നി മല്ലശേരി സ്വദേശികളായ ഒരു കുടുംബത്തിലെ നാലുപേരാണ് മരിച്ചത്. മത്തായി ഈപ്പൻ, നിഖിൽ മാത്യു, ബിജു P ജോർജ്ജ്, അനു എന്നിവരാണ് മരിച്ചതെന്ന് ആദ്യ റിപ്പോർട്ടുകൾ പറയുന്നു. മലേഷ്യയിൽ നിന്ന് തിരികെയെത്തിയ അനുവിനെയും ഭർത്താവിനെയും തിരുവനന്തപുരം വിമാനത്താവളത്തിൽ നിന്ന് കൂട്ടികൊണ്ട് വരികയായിരുന്ന കാറിലുണ്ടായിരുന്നവർ. ആന്ധ്രയിൽ നിന്ന് എത്തിയ ശബരിമല തീർഥാടകരുടെ ബസുമായാണ് കാർ കൂട്ടിയിടിച്ചത്. പുലർച്ചെ നാല് മണിക്ക് ശേഷമാണ് അപകടമുണ്ടായത്.

✪✪✪

ചേർത്തല സെന്റ് മൈക്കിൾ കോളേജിന് മുന്നിൽ ഇന്നലെ വൈകിട്ട് ലോറിയും ബൈക്കും കൂട്ടിയിടിച്ച് രണ്ട് പേർ മരിച്ചു.

ജയരാജ്, ചിഞ്ചു എന്നിവർ സഞ്ചരിച്ച ബൈക്ക് ദേശീയപാത നിർമ്മാണ കമ്പനിയുടെ ലോറിയുമായി കൂട്ടിയിടിച്ചാണ് അപകടമുണ്ടായത്.

✪✪✪

29-ാമത് കേരള രാജ്യാന്തര ചലച്ചിത്രമേളയിലെ 'മീറ്റ് ദ ഡയറക്ടേഴ്സ്' പരിപാടിയ്ക്ക് തുടക്കമായി. ആദ്യ സെഷനിൽ 'അപ്പുറം' സിനിമയുടെ സംവിധായിക ഇന്ദുലക്ഷ്മി, ചിത്രത്തിലെ അഭിനേതാവ് ജഗദീഷ്, 'വെളിച്ചം തേടി' സിനിമയുടെ സംവിധായകൻ റിനോഷൻ., അർജന്റൈൻ ചിത്രമായ 'ലിന്റ'യുടെ സഹരചയിതാവ് സബ്രിന കാംപ്പോസ് എന്നിവർ പങ്കെടുത്തു.

ചലച്ചിത്രമേളയുടെ മൂന്നാം ദിനമായ ഇന്ന് 67 ചിത്രങ്ങൾ പ്രദർശിപ്പിക്കും.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി തിരുവനന്തപുരം പ്രതിനിധി റെജു കോലിയക്കോട്.

..........വോയ്സ്.........

ലൈഫ് ടൈം അച്ചീവ്മെന്റ് പുരസ്കാരജേതാവ് ആൻ ഹുയിയുമായി സരസ്വതി നാഗരാജൻ നടത്തുന്ന സംഭാഷണമാണു ചലച്ചിത്ര മേളയിലെ ഇന്നത്തെ പ്രധാന ആകർഷണം.

ഫെസ്റ്റിവൽ ഫേവറിറ്റ്സ് വിഭാഗത്തിൽ ജാക്വസ് ഒഡിയാഡിന്റെ 'എമിലിയ പെരേസ്' ഇന്ന് പ്രദർശിപ്പിക്കും.

മേളയിലെ അന്താരാഷ്ട്ര മത്സര വിഭാഗത്തിലെ രണ്ട് മലയാള ചിത്രങ്ങളിൽ ഒന്നായ ഫെമിനിച്ചി ഫാത്തിമ ഇന്ന് പ്രേക്ഷകർക്ക് മുന്നിലെത്തും. ജിതിൻ ഐസക് തോമസിന്റെ പാത്ത് മലയാളം സിനിമ ടുഡേ വിഭാഗത്തിൽ പ്രദർശിപ്പിക്കും. വേൾഡ് സിനിമ വിഭാഗത്തിൽ ക്വീറിന്റെ പ്രദർശനവും ഇന്ന് നടക്കും. മാലു, ഭാഗ്ജ്ജൻ, കാമദേവൻ നക്ഷത്രം കണ്ടു തുടങ്ങിയ വ്യത്യസ്തമായ ചിത്രങ്ങളും ഇന്ന് പ്രദർശനത്തിന് എത്തുന്നുണ്ട്. മുതിർന്ന ചലച്ചിത്ര നടിമാർക്ക് ആദരം അർപ്പിക്കുന്ന മറക്കില്ലൊരിക്കലും പരിപാടിയും ചലച്ചിത്ര മേളയിൽ ഇന്ന് നടക്കും.

✪✪✪

മുഖ്യമന്ത്രി പിണറായി വിജയൻ ഇന്ന് കാസർകോഡ് ജില്ലയിലെ പൊതുപരിപാടികളിൽ പങ്കെടുക്കും. രാവിലെ വിദ്യാനഗർ ഉദയഗിരിയിലെ ലൈബ്രറി കൗൺസിൽ ട്രെയിനിംഗ് മന്ദിരം അദ്ദേഹം ഉദ്ഘാടനം ചെയ്യും.

ഉച്ചയ്ക്ക് ഗേറ്റ് വേ ബേക്കൽ റിസോർട്ട് ഉദ്ഘാടനം ചെയ്യുന്ന മുഖ്യമന്ത്രി വൈകീട്ട് കാറ്റാടിയിലും ചീമേനിയിലും പൊതു പരിപാടികളിലും പങ്കെടുക്കും.

✪✪✪

ഇന്ത്യ- ഓസ്ട്രേലിയ ബോർഡർ ഗാവസക്ർ മൂന്നാം ക്രിക്കറ്റ് ടെസ്റ്റിൽ വിക്കറ്റ് നഷ്ടപ്പെടാതെ 28 റൺസെന്ന നിലയിൽ ഓസ്ട്രേലിയ ഇന്ന് ആദ്യ ഇന്നിംഗ്സ് പുനരാരംഭിക്കും. ബ്രിസ്ബെയ്നിൽ മഴയെ തുടർന്ന് 13.2 ഓവറിന് ശേഷം കളി നിർത്തിവെയ്ക്കുകയായിരുന്നു. നേരത്തെ ടോസ് നേടിയ ഇന്ത്യ, ഓസ്ട്രേലിയയെ ബാറ്റിംഗിന് അയച്ചു.

✪✪✪

വനിതാ ജൂനിയർ ഏഷ്യാകപ്പ് ഹോക്കി ഫൈനലിൽ നിലവിൽ ചാമ്പ്യന്മാരായ ഇന്ത്യ ഇന്ന് ചൈനയെ നേരിടും. ഒമാനിലെ മസ്കറ്റിലാണ് മത്സരം. പോയിന്റ് പട്ടികയിൽ ചൈന ഒന്നാം സ്ഥനത്തും ഇന്ത്യ രണ്ടാം സ്ഥാനത്തുമാണ്.

✪✪✪

ഏഷ്യൻ ക്രിക്കറ്റ് കൗൺസിലിന്റെ അണ്ടർ-19 വനിതാ ട്വന്റി-20 ഏഷ്യാകപ്പ് ക്രിക്കറ്റിൽ ഇന്ത്യ ഇന്ന് പരമ്പരാഗത വൈരികളായ പാകിസ്ഥാനെ ഗ്രൂപ്പ് B ൽ നേരിടും. മത്സരം ഇന്ന് ആരംഭിക്കും. കോലാലംമ്പൂരിൽ രാവിലെ പതിനൊന്നരയ്ക്ക് മത്സരം തുടങ്ങും. ഈ മാസം 22 വരെയാണ് മത്സരങ്ങൾ.

✪✪✪

78-മത് സന്തോഷ് ട്രോഫി ഫുട്ബോളിന്റെ ഫൈനൽ റൗണ്ട് മത്സരങ്ങളുടെ ആദ്യ ദിവസം പശ്ചിമബംഗാളും മണിപ്പൂരും ജേതാക്കളായി. ഹൈദരാബാദിൽ പശ്ചിമബംഗാൾ ജമ്മു കശ്മീരിനെ ഒന്നിനെതിരെ മൂന്ന് ഗോളിന് തോൽപ്പിച്ചു. മണിപ്പൂർ മറുപടിയില്ലാത്ത ഒരു ഗോളിനാണ് നിലവിൽ ചാമ്പ്യന്മാരായ സർവീസസിനെ തോൽപ്പിച്ചത്. തെലങ്കാന, രാജസ്ഥാൻ മത്സരം ഇരു ടീമുകളും ഓരോ ഗോളടിച്ച് സമനിലയിൽ പിരിഞ്ഞു.

✪✪✪

ഐ ലീഗ് ഫുട്ബോളിൽ ഗോകുലം കേരള ഷില്ലോങ് ലജോങ്ങുമായി എവേ മത്സരത്തിൽ ഗോൾ രഹിതസമനില പാലിച്ചു. അടുത്ത മത്സരത്തിൽ ഈ മാസം 19ന് രാജസ്ഥാൻ FC യെ കോഴിക്കോട്ട് ഗോകുലം നേരിടും.

✪✪✪

കേരളത്തിലെ ഗവൺമെന്റ് ആശുപത്രികളുടെ കെട്ടുംമട്ടും മാറികഴിഞ്ഞെന്ന് മന്ത്രി J. ചിഞ്ചുറാണി കാസർക്കോട്ട് പറഞ്ഞു. പരപ്പ ബ്ലോക്ക് പഞ്ചായത്ത് നിർമ്മിച്ച പുതിയ ഒ.പി ബ്ലോക്ക് ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

✪✪✪

വയനാട് പുനരധിവാസം സംസ്ഥാനത്തിന്റെ മാത്രമല്ല കേന്ദ്രത്തിന്റെ കൂടി ഉത്തരവാദിത്തമാണെന്ന് പ്രതിപക്ഷ നേതാവ് VD സതീശൻ വടകരയിൽ പറഞ്ഞു. കണക്ക് നൽകിയില്ലെന്നാണ് കേന്ദ്രം പറയുന്നത്. കണക്ക് നൽകിയിട്ടില്ലെന്ന് കേന്ദ്രവും നൽകിയെന്ന സംസ്ഥാനവും പറയുമ്പോഴും പല സംസ്ഥാനങ്ങൾക്കും കണക്ക് നൽകാതെ തന്നെ താല്കാലിക കേന്ദ്രസഹായം നൽകിയിട്ടുണ്ടെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു.

✪✪✪